കൊച്ചി മഹാരാജാവിന്റെ കാലത്ത് നിർമ്മിച്ചതാണ്. ആ പാലത്തിന്റെ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നുതന്നെ അത് പുതുക്കിപ്പണിയുന്നതിനുള്ള നിർദ്ദേശം ഉണ്ടായിരുന്നു. ചിറ്റൂർ-വടുതലപ്പാലം ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ടുപോയി പരിശോധിച്ചിട്ടുള്ളതാണ്. ആ പാലവും പുതുക്കി പണിയേണ്ടതായിട്ടുണ്ട്. വരാപ്പുഴപാലം തുറന്നതോടുകൂടി എടപ്പള്ളി വഴിയും അതുപോലെ തന്നെ ചേരാനല്ലൂർ ചിറ്റൂർ വഴിയും ഉള്ള യാത്ര വളരെയേറെ ദുഷ്ക്കരമായിരിക്കുകയാണ്. അതുകൊണ്ട് ഈ രണ്ടു റോഡുകളും പുതുക്കി നിർമ്മിക്കുന്നതിനും റെയിൽവേ ഓവർബ്രിഡ്ജ് എടപ്പള്ളിയിൽ നിർമ്മിക്കുന്നതിനും ഉള്ള അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ സബ്മിഷൻ എനിക്ക് ഇപ്പോഴാണ് കിട്ടിയത്. പക്ഷേ, എനിക്ക് ഈ മേഖലയറിയാം.

മി. സ്പീക്കർ : അങ്ങേക്ക് മറുപടി പറയാം. ഒരു കുഴപ്പവുമില്ല.

ശ്രീ. പി. ജെ. ജോസഫ് : എടപ്പള്ളിയിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം വളരെ മുൻഗണന കൊടുത്തു ചെയ്യേണ്ടതാണ് എന്ന് ഉത്തമ ബോദ്ധ്യമുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ തന്നെ പണി ഏല്പിക്കുന്ന കാര്യം ഗൗരവമായിട്ട് ആലോചിക്കാം. ചിറ്റൂർ വഴിയുള്ള റോഡിലെ പാലത്തിന്റെ നിർമ്മാണത്തെ സംബന്ധിച്ച് ധനകാര്യവകുപ്പുമായിട്ട് ആലോചിച്ച് തന്നെ നടപടികൾ സ്വീകരിക്കാം. അത് ആദ്യം റിജക്ട് ചെയ്തു വന്നു അതുകൊണ്ടാണ്. അതിനുവേണ്ട നടപടിയും സ്വീകരിക്കുന്നതാണ്.

(13) തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള ജവഹർ നവോദയാ സ്കൂളിന്റെ അദ്ധ്യയനം ഈ വർഷം തന്നെ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പിരപ്പൻകോട് മുരളി : സർ, തിരുവനന്തപുരം ജില്ലയിൽ കേന്ദ്ര മാനവശേഷി വികസന വകുപ്പിന്റെ കീഴിൽ ഒരു ജവഹർ നവോദയ സ്കൂൾ സ്ഥാപിക്കാൻ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ചെറ്റച്ചൽ ലൈവ് സ്റ്റോക്ക് ഫാമിൽനിന്ന് വാമനപുരം മണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിലെ വട്ടപ്പങ്ങാട്ടിൽ 25 ഏക്കർ സ്ഥലം സംസ്ഥാനഗവൺമെന്റ് വിട്ടുകൊടുത്തിട്ടുണ്ട്. ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കാൻ താൽക്കാലികമായി പേട്ട ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ വിട്ടുകൊടുക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചുചേർത്ത ബന്ധപ്പെട്ടവരുടെ യോഗത്തിൽ തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ക്ലാസുകൾ ആരംഭിക്കത്തക്കവിധം ഏപ്രിൽ 24-ന് പ്രവേശന പരീക്ഷ നിശ്ചയിക്കുകയും ചെയ്തു. എന്നാൽ പേട്ട ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ ഇതിന് ആവശ്യമായ സൗകര്യങ്ങൾ ഇതുവരെ ചെയ്തുകൊടുത്തിട്ടില്ല. അതുകൊണ്ട് പേട്ട ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ ആവശ്യമായ സൗകര്യം ചെയ്തുകൊടുത്ത് തിരുവനന്തപുരം ജില്ലയ്ക്ക് ലഭ്യമായ ഈ വിദ്യാഭ്യാസ സ്ഥാപനം നഷ്ടപ്പെടുത്താതിരിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, തിരുവനന്തപുരം ജില്ലയിൽ അനുവദിച്ചിട്ടുള്ള കേന്ദ്ര മാനവശേഷി
11 A.M.] വകുപ്പിന്റെ കീഴിലുള്ള ജവഹർ നവോദയ സ്ക്കൂൾ സ്ഥാപിക്കാനായി നെടുമങ്ങാട് താലൂക്കിൽ തെന്നൂർ വില്ലേജിലെ ചെറ്റച്ചൽ ലൈവ് സ്റ്റോക്ക് ഫാമിൽ നിന്നും 25 ഏക്കർ സ്ഥലം സംസ്ഥാന ഗവൺമെന്റ് വിട്ടുകൊടുത്തിട്ടുണ്ട്. ഈ വർഷം തന്നെ സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കാനായി തിരുവനന്തപുരം പേട്ട ഗവൺമെന്റ് ഹൈസ്കൂളിൽ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ച് ചേർത്ത യോഗത്തിൽ ബന്ധപ്പെട്ടവർ ഉറപ്പ് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത അദ്ധ്യയന വർഷംതന്നെ ക്ലാസ് ആരംഭിക്കത്തക്കവണ്ണം നവോദയ സ്കൂൾ അധികൃതർ അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. 2001 ജൂണിൽ തന്നെ നവോദയ സ്കൂൾ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ എടുക്കാൻ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി 20-2-2001-ൽ ഒരു യോഗം വിളിക്കുകയും ഇതിൽ വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ, തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി എന്നിവർ പങ്കെടുക്കുകയും ചെയ്തിരുന്നു. പേട്ട ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ നവീകരിക്കാൻ കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 8.37 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ തുകയിൽ 6 ലക്ഷം രൂപ വിദ്യാഭ്യാസ വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗിക്കാൻ തീരുമാനിച്ചു. ബാക്കിതുക അനുവദിച്ചു തരാമെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയും സമ്മതിച്ചിട്ടുണ്ട്. സ്ക്കൂളിന്റെ പണികൾ സമയബന്ധിതമായി ചെയ്തു തീർക്കാൻ പറ്റിയ ഏജൻസിയെ ലഭ്യമാക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലാണ്. അത് അടിയന്തിരമായി ചെയ്യുന്നതാണ്.

(14) സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപകരുടെ പ്രശ്നങ്ങൾ

ശ്രീ. എം. മുരളി : സർ, 27-ാം തീയതി കേരളത്തിലെ സ്വകാര്യ കോളേജ് അനദ്ധ്യാപകർ ആരംഭിക്കാനിരുന്ന സമരം താൽക്കാലികമായി അവർ മാറ്റി വച്ചിരിക്കുകയാണ്. സ്വകാര്യ കോളേജ് അനദ്ധ്യാപകർ ഇന്ന് അനുഭവിക്കുന്ന ഏറ്റവും വലിയ ഭീഷണി പി.ഡി.സി. പൂർണ്ണമായി കോളേജുകളിൽ നിന്നും വേർപ്പെടുത്തിയതോടുകൂടി അനദ്ധ്യാപകരുടെ തസ്തികകൾ പകുതിയോളമായി കുറഞ്ഞിരിക്കുകയാണ്. മുൻഗവൺമെന്റിന്റെ കാലത്ത് കോളേജ് അദ്ധ്യാപകരെ സംരക്ഷിച്ചതുപോലെ അനദ്ധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ റീഫിക്സ് ചെയ്തുകൊണ്ട് അവരെ സംരക്ഷിക്കാമെന്ന് ഉറപ്പ് നൽകിയിരുന്നു അത് ഇതുവരെ പാലിച്ചിട്ടില്ല. അതുകൊണ്ട് സ്വകാര്യകോളേജുകളിലെ നിലവിലുള്ള അനദ്ധ്യാപക ജീവനക്കാരെ മുഴുവൻ പൂർണ്ണമായി സംരക്ഷിക്കാനും അവരുടെ ജോലി നഷ്ടപ്പെടാതിരിക്കാനുള്ള പ്രൊമോഷൻ സാദ്ധ്യതകൾ ഉൾപ്പെടെയുള്ളവ ഉറപ്പുവരുത്തികൊണ്ട് അവരുടെ സ്റ്റാഫ് പാറ്റേൺ അടിയന്തിരമായി പരിഷ്കരിക്കാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഇതുസംബന്ധിച്ച് ഗവൺമെന്റ് നൽകിയ ഉറപ്പ് പാലിച്ചുകൊണ്ട് ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly